LIBRARY ARCHIVES Kerala Legislative Assembly

ജനനി ജന്മരക്ഷ പദ്ധതി

21 (*51) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനനി ജന്മരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ793/2013/പജപവവിവ. തിരുവനന്തപുരം തീയതി 18-6-2013 പ്രകാരം 2013 ജൂൺ മാസം മുതൽ എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസനവകുപ്പ് ജനനി ജന്മരക്ഷ എന്ന പദ്ധതി നടപ്പാക്കി വരുന്നു. 11-8-2013-ന് അട്ടപ്പാടിയിൽ വച്ച് ഔദ്യോഗികമായി ടി പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടു. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഗർഭാവസ്ഥയുടെ മൂന്നാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ്സ് തികയും, വരെ പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി വരുന്നു. ഗർഭാവസ്ഥയിലുള്ളവർക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) ജനനി ജന്മരക്ഷ പദ്ധതിയിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന് മാനദണ്ഡം നിശ്ചയിക്കുകയും 2225-02-282-89 ജനനി ജന്മരക്ഷ പദ്ധതി (പ്ലാൻ) ശീർഷകം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുകയും ചെയ്തു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ വിവിധ ജില്ലകളിൽ നിന്നും വരുന്ന ഗുണഭോക്താക്കളുടെ പട്ടികകൾ ക്രോഡീകരിച്ച് ഇന്ത്യൻ പോസ്റ്റൽ വകുപ്പ് മുഖേന മണിയോർഡറായി ഗുണഭോക്താക്കൾക്ക് തുക അയച്ചു നൽകുന്നു. ജനനി ജന്മരക്ഷ പദ്ധതി പ്രകാരം 2013-14, 2014-15 കാലയളവിൽ സർക്കാർ അനുവദിച്ച തുക ഇന്ത്യൻ പോസ്റ്റൽ വകുപ്പ് മുഖേന മണിയോർഡറായി അയച്ചു നൽകിയിരുന്നു. എന്നാൽ ഏതാനും മണിയോർഡറുകൾ വിവിധ കാരണത്താൽ മടങ്ങി വരികയും നിശ്ചിത സമയപരിധിക്കുള്ളിൽ എല്ലാ ഗുണഭോക്താക്കൾക്കും തുക അയയ്ക്കാൻ പറ്റാത്ത സാഹചര്യം നിലവിൽ വന്നപ്പോൾ 2015-16 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ച തുക ജില്ലാ ഓഫീസർമാർ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് അലോട്ട്മെന്റ് നൽകി തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായി ചുവടെ ചേർത്തിരിക്കും പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷം 115 ലക്ഷം രൂപ അനുവദിക്കുകയും തുടർന്ന് Additional Authorization മുഖേന 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തി അനുവദിക്കുകയും തുടർന്ന് റീ-അപ്രോപ്രിയേഷനിലൂടെ 50 ലക്ഷം രൂപ അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 655 ലക്ഷം രൂപ ബജറ്റിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

ഇ-ഓഫീസ് സംവിധാനം

22 (*52) ശ്രീ. കെ. അച്ചുതൻ:
ശ്രീ. ആർ. സെൽവരാജ്:
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?